# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3801** **19-02-2013-ൽ മറുപടിയ്ക്ക്**

**ഗതാഗത നിയമം തെറ്റിക്കുന്നവരിൽ നിന്നും പിഴ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. കെ. രാജു<br>ശ്രീ. വി. എസ്. സുനിൽ കുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഗതാഗത നിയമം തെറ്റിക്കുന്നവരിൽ നിന്നും പെറ്റിക്കേസ്സ് എടുത്ത് പിഴ ഈടാക്കാറുണ്ടോ; ഉണ്ടെങ്കിൽ, കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ഈ സാമ്പത്തിക വർഷം ജനുവരി വരെയും എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) പിഴ ഈടാക്കാറുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 34,02,90,050/- രൂപയും ഈ സാമ്പത്തിക വർഷം ജനുവരി വരെ 42,81,55,746/- രൂപയും പിഴയായി ലഭിച്ചിട്ടുണ്ട്. |
| (ബി) ഇങ്ങനെ പിരിച്ചെടുക്കുന്ന തുകയിൽ ഒരു നിശ്ചിത ശതമാനം റോഡ് സുരക്ഷാ അതോറിറ്റിക്ക് നല്കണമെന്ന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ, ഈ കാലയളവിൽ ഇതുവരെ എത്ര തുക നല്കിയിട്ടുണ്ട്; ഇല്ലെങ്കിൽ, ഈ വ്യവസ്ഥ ലംഘിച്ചതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;<br>(സി) റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം കുഴപ്പത്തിലായിരിക്കുന്നതിനാൽ പോലീസ് പിരിച്ചെടുക്കുന്ന തുകയിൽ നിന്നും അർഹതപ്പെട്ട തുക അതോറിട്ടിക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) & (സി) പെറ്റി കേസുകളിൽ നിന്നും പിരിച്ചെടുക്കുന്ന തുക ട്രഷറിയിൽ അടച്ച് വരികയാണ് പോലീസ് ചെയ്യുന്നത്. പ്രസ്തുത തുകയുടെ 50 ശതമാനം റോഡ് സുരക്ഷാ അതോറിറ്റിക്ക് സർക്കാർ നൽകുന്നു. 2011-12, 2012-13 വർഷങ്ങൾ റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടിലേക്ക് 15 കോടി രൂപ വീതം സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ